## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്- തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്താഫീസിലെ ശ്രീ നാരായണൻ കെ ആർ-ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ. (സാധാ) നം.1233/2016/തസ്വഭവ തീയതി, തിരുവനന്തപുരം,09/3/2016**

---

പരാമർശം : 1. തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13.11.2006 ലെ ഇ 2-7007/06 നമ്പർ നടപടിക്രമം.
2. തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 05.11.2013 ലെ ഇ 2-9956/2013 നമ്പർ നടപടിക്രമം.
3. പഞ്ചായത്ത് ഡയറക്ടറുടെ 24.11.2015 ലെ ഇ 6-22468/2014 നമ്പർ കത്ത്.

### ഉത്തരവ്

27.01.97 ൽ ശിപായി ആയി സേവനത്തിൽ പ്രവേശിച്ച ശ്രീ നാരായണൻ കെ ആർ തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരാമർശം 1 പ്രകാരമുള്ള ഉത്തരവ് പ്രകാരം എൽഡിസിയായി സ്ഥാനക്കയറ്റം ലഭിയ്ക്കുകയും 15.11.06 ൽ ക്ലാർക്കായി സേവനത്തിൽ പ്രവേശിയ്ക്കുകയും ചെയ്തു. ടിയാന്റെ നിയമനം ക്രമവല്ക്കരിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ ടിയാനെടുത്ത 26 ദിവസത്തെ അവധി കൂടി കണക്കാക്കി, തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം 2 പ്രകാരം 11.12.2009 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു. 13.01.11 ൽ ടിയാൻ എം. ഒ. പി പരീക്ഷ വിജയിച്ചുവെന്നും ടിയാന്റെ പ്രൊബേഷൻ കാലയളവ് 15.01.11 വരെ ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ. നാരായണൻ കെ ആർ എം. ഒ. പി പരീക്ഷ വിജയിച്ച 13.01.2011 ന്റെ തൊട്ടടുത്ത ദിവസമായ 14.01.2011 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ കഴിയുമാറ് 15.01.2011 വരെ പ്രൊബേഷൻ കാലയളവ്, കെ.എസ് & എസ്. എസ്.ആർ, ജനറൽ റൂൾ 21 പ്രകാരം, ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**
ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.(സേവനപുസ്തകം സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
സെക്രട്ടറി, മാടക്കത്തറ ഗ്രാമപഞ്ചായത്താഫീസ്, തൃശ്ശൂർ
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(543/ഇപി(1) 1/15/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ